# മഹാത്മാഗാന്ധിദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

# സോഷ്യൽ ഓഡിറ്റ് സൊസൈറ്റി, കേരളം

# തിരുവനന്തപുരം ജില്ല

# സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്

**ബ്ലോക്ക് - പാറശ്ശാല**

**ഗ്രാമ പഞ്ചായത്ത്- പൂവാർ**

**വാർഡ്-** ശൂലം കുടി **(6)**

ഗ്രാമസഭ തീയതി- 30/11/2019

സമയം - 10.30 AM

## ആമുഖം

ഇന്ത്യയിലെ ദരിദ്രരായ ഗ്രാമീണജനതയുടെ ദാരിദ്ര്യം ലഘൂകരിക്കുന്നതിനും അവരുടെ ജീവിതം സുരക്ഷിതത്വം ഉറപ്പു വരുത്തുന്നതിനു വേണ്ടി രൂപം കൊടുത്തിട്ടുള്ള ഒരു ബൃഹത് പദ്ധതിയാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി. കാർഷിക മേഖലയിലും നിർമ്മാണ മേഖലയിലും തൊഴിൽ ലഭിക്കാതെ ഗ്രാമീണജനത ബുദ്ധിമുട്ടുമ്പോൾ അവർക്ക് 100 ദിവസത്തെ തൊഴിൽ എങ്കിലും ഉറപ്പുവരുത്തുവാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു. ഇങ്ങനെ തൊഴിൽ നൽകുന്നതിന് ഏറ്റെടുക്കുന്ന വിവിധ പദ്ധതികളിലൂടെ രാജ്യത്തിന്റെ മണ്ണും ജലവും പരമാവധി സംരക്ഷിക്കുന്നതിന് സാധ്യമാകും എന്ന് പ്രതീക്ഷിക്കുന്നു.

തൊഴിൽ ആവശ്യപ്പെടുന്നവർക്ക് നിശ്ചിത കാലയളവിനുള്ളിൽ തൊഴിൽ ലഭിക്കുന്നു എന്നും അതിന് നിശ്ചയിക്കപ്പെട്ടിട്ടുള്ള വേതനം നിർദിഷ്ട സമയത്തിനുള്ളിൽ ലഭിക്കുന്നുവെന്നും ഉറപ്പുവരുത്തുന്നതിന് ഇന്ത്യൻ പാർലമെന്  റ് പാസാക്കിയ നിയമമാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം. 2005 ഓഗസ്റ്റ് 23 ആം തീയതിയാണ് പാർലമെന്  റ് ഈ നിയമം പാസാക്കുന്നത്.

തൊഴിലും വേതനവും നിർദിഷ്ട സമയത്തിനുള്ളിൽ കൃത്യമായി ലഭിക്കുന്നതിനുള്ള അവകാശം പരമാവധി ഉറപ്പുവരുത്തുന്നു എന്നാണ് ഈ നിയമത്തിലെ സവിശേഷത. തൊഴിൽ ലഭിച്ചില്ലെങ്കിൽ തൊഴിലില്ലായ്മ വേതനം തൊഴിൽ എടുത്തശേഷം വേതനം വൈകുകയോ ലഭിക്കാതിരിക്കുകയും ചെയ്താൽ നഷ്ടപരിഹാരവും ഈ നിയമം വ്യവസ്ഥ ചെയ്യുന്നു.

തൊഴിൽ ആവശ്യപ്പെടുന്നവർക്ക് 15 ദിവസത്തിനുള്ളിൽ തൊഴിൽ നൽകിയിരിക്കണം എന്നാണ് വ്യവസ്ഥ. അല്ലാത്തപക്ഷം പതിനാറാമത്തെ ദിവസം മുതൽ തൊഴിലില്ലായ്മ വേതനത്തിനു അർഹതയുണ്ടായിരിക്കും. അതുപോലെ ചെയ്ത തൊഴിൽ വേതനം 14 ദിവസത്തിൽ കൂടുതൽ വൈകിയാൽ വൈകുന്ന ഓരോ ദിവസവും നഷ്ടപരിഹാരം ലഭിക്കുന്നതിനും അർഹതയുണ്ട്. തൊഴിൽ ആവശ്യപ്പെടുന്നവർക്ക് തൊഴിലോ തൊഴിലില്ലായ്മ വേതനമൊ ഉറപ്പായും ഉറപ്പുവരുത്തണം എന്നാണ് തൊഴിലുറപ്പ് നിയമത്തിന്   റെ പ്രത്യേകത.

ഇന്ത്യയിലെ ഏറ്റവും പിന്നോക്കം ആയ 200 ഗ്രാമീണ ജില്ലകളിൽ 2006 ഫെബ്രുവരി 2 ആം തീയതി ഈ നിയമം നിലവിൽ വരുകയും പദ്ധതി നടപ്പിലാക്കുകയും ചെയ്തു. കേരളത്തിൽ വയനാടും പാലക്കാടും ഈ 200 ജില്ലകളിൽ ഉൾപ്പെട്ടിരിക്കുന്നു. 2007 മെയ് 15 ന് 130 ജില്ലകളിലേക്ക് കൂടി ഇത് വ്യാപിപ്പിച്ചു. ഇടുക്കി കാസർഗോഡ് ജില്ലകൾ ഇതിൽ ഉൾപ്പെട്ടിരുന്നു. 2008 ഏപ്രിൽ ഒന്നിന് ഇന്ത്യയിലെ ബാക്കി മുഴുവൻ ജില്ലകളിലേക്കും ഇത് വ്യാപിപ്പിച്ചു. ഇന്ന് ഇന്ത്യയിലെ മുഴുവൻ ഗ്രാമീണ ജില്ലകളിലും ഈ പദ്ധതി നിലവിലുണ്ട്. ആഗോളതലത്തിൽ സവിശേഷ ശ്രദ്ധയാകർഷിച്ച ഒരു അവകാശ അധിഷ്ഠിത തൊഴിൽ നിയമം എന്ന നിലയിലും ഗ്രാമീണമേഖലയിൽ ദാരിദ്ര്യ

ലഘൂകരണത്തിൽ നിർണായകമായ വഴിത്തിരിവ് സൃഷ്ടിച്ച ബൃഹത്പദ്ധതി എന്ന കാര്യം പരിഗണിച്ചു 2009 ഒക്ടോബർ രണ്ടാം തീയതി കേന്ദ്രസർക്കാർ ഈ നിയമത്തെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി എന്ന് പുനർനാമകരണം ചെയ്തു.

**<u>തിരുവനന്തപുരം ജില്ല</u>**

കേരളത്തിന്റെ തെക്കേ അറ്റത്തുള്ളതും സംസ്ഥാനത്തിന്റെ തലസ്ഥാന നഗരം ഉൾക്കൊള്ളുന്നതുമായ ജില്ല. ഭാരതത്തിന്റെ തെക്കേ അറ്റമായ കന്യാകുമാരി തിരുവനന്തപുരം ജില്ലയുടെ അതിരായ പാറശാലയിൽ നിന്നും 56 കിലോമീറ്റർ അകലെയായി സ്ഥിതി ചെയ്യുന്നു.

**<u>പാറശ്ശാല ബ്ലോക്ക് പഞ്ചായത്ത്</u>**

തമിഴ്നാടിന്റെ അതിർത്തിയും കേരളത്തിന്റെ തെക്കേ അറ്റവുമായ ബ്ലോക്ക് പഞ്ചായത്താണ് പാറശ്ശാല ബ്ലോക്ക് പഞ്ചായത്ത്. തമിഴ്, മലയാളം എന്നീ ഭാഷകളുടെ സംഗമസ്ഥാനം കൂടി ആയതിനാൽ ജനങ്ങൾക്ക് കലയോടും സംസ്കാരത്തോടും നല്ല മതിപ്പുണ്ട്. പരമ്പരാഗത കുടിൽ വ്യവസായമായ കരുപ്പട്ടി നിർമ്മാണത്തിൽ തുടങ്ങി ആധുനിക വ്യവസായ സംരംഭങ്ങൾ വരെ ഇവരുടെ ജീവിതത്തെ സ്വാധീനിക്കുന്നുണ്ട്. ഭൂരിഭാഗം ആളുകളും ദ്വിഭാഷികളാണ്.

പാറശ്ശാല ബ്ലോക്ക് പരിധിയിൽ ചെങ്കൽ, കാരോട്, കുളത്തൂർ, പൂവാർ, തിരുപുറം, പാറശ്ശാല എന്നിങ്ങനെ ആറ് പഞ്ചായത്തുകൾ ആണുള്ളത്.

## പൂവാർ ഗ്രാമപഞ്ചായത്ത്

1929 സെപ്റ്റംബർ 25നാണ് പൂവാർ ഗ്രാമപഞ്ചായത്ത് നിലവിൽ വന്നത്. തിരുവനന്തപുരം ജില്ലയിലെ കടലോര മേഖലകളിൽ ഉൾപ്പെടുന്ന ഒരു ഗ്രാമപഞ്ചായത്താണ് പൂവാർ. മത്സ്യത്തൊഴിലാളികളും മറ്റു ദരിദ്ര ജനവിഭാഗങ്ങളും തിങ്ങി പാർക്കുന്ന ഈ പ്രദേശത്തിന്റെ വികസന മണ്ഡലം ഒട്ടേറെ പ്രശ്നങ്ങൾ നിലനിൽക്കുന്നതാണ്. 7.3 നാല് സ്ക്വ¡യർ കിലോമീറ്റർ വിസ്തീർണവും 22611 ജനസംഖ്യയും ആണ് ഇപ്പോൾ പഞ്ചായത്തിലുള്ളത്. തിരുപുറം വില്ലേജിന്റെ പരിധിയിലാണ് ഈ പഞ്ചായത്ത് പ്രദേശം. ഇപ്പോൾ പൂവാർ വില്ലേജ് അനുവദിച്ചിട്ടുണ്ട്. 15 വാർഡുകളാണ് ഈ പഞ്ചായത്തിലുള്ളത്. തീരദേശ വാർഡുകൾ ഒഴികെ വാർഡുകൾ എല്ലാം കാർഷികമേഖലയാണ്.

പൂവാർ ഗ്രാമപഞ്ചായത്തിനു  സർക്കാരിൽ നിന്ന് ലഭിക്കുന്ന വികസന ഫണ്ട് ഉപയോഗിച്ചും വിവിധ ഏജൻസികളിൽ നിന്ന് ലഭിക്കുന്ന ധനസഹായം ഉപയോഗിച്ചും ജനങ്ങളുടെ സഹകരണത്തോടെ വിവിധ ക്ഷേമ പ്രവർത്തനങ്ങളും പൊതുവായ വികസനപ്രവർത്തനങ്ങളും നടത്താൻ കഴിഞ്ഞിട്ടുണ്ട്.

## അടിസ്ഥാനവിവരങ്ങൾ

വില്ലജ് : തിരുപുറം

താലൂക്ക് : നെയ്യാറ്റിൻകര

വിസ്തീർണ്ണം :7.34 ചതുരശ്ര കിലോമീറ്റർ

വാർഡുകളുടെ എണ്ണം :15

**അതിരുകൾ**

കിഴക്ക് : നെയ്യാർ

പടിഞ്ഞാറ് : കരുംകുളംപഞ്ചായത്ത്

തെക്ക് :അറബിക്കടൽ

വടക്ക് :തിരുപുറം പഞ്ചായത്

## <u>രീതിശാസ്ത്രം</u>

കേരള സോഷ്യൽ ഓഡിറ്റ് സൊസൈറ്റി, കേരള, തിരുവനന്തപുരം ജില്ല- പാറശ്ശാല ബ്ലോക്ക് റിസോഴ്സ് പേഴ്സണിന് റെ സഹായത്തോടെ വില്ലേജ് റിസോഴ്സ്പേഴ്സൻസ് ആണ് തിരുവനന്തപുരം ജില്ലയിൽ പാറശ്ശാല ബ്ലോക്ക് പഞ്ചായത്തിലെ പൂവാർ ഗ്രാമ പഞ്ചായത്തിലെ വാർഡ് 6 ശൂലം കുടിയിൽ സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾ നടത്തിയത്.

**ആദ്യഘട്ടം:**

പഞ്ചായത്ത് സെക്രട്ടറി, പ്രസിഡന്റ് , വാർഡ് മെമ്പർ, എന് ആര് ഈ ജി എസ് സ്റ്റാഫ് എന്നിവരുമായി സോഷ്യൽ ഓഡിറ്റ് പാറശ്ശാല ബ്ലോക്ക് വില്ലജ് റിസോഴ്സ് പേഴ്സൺ വാർഡ് 4 ലിൽ നടത്തേണ്ട സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങളെക്കുറിച്ചുള്ള ചർച്ച.

**രണ്ടാം ഘട്ടം:**

2018 ഒക്ടോബർ മാസം ഒന്നാം തീയതി മുതൽ 2019 മാർച്ച് മാസം വരെ ഏറ്റെടുത്ത് നടത്തിയ പ്രവൃത്തികളുടെ ഫയലുകൾ, 7 രജിസ്റ്ററുകൾ, എം ഐ എസ് എന്നിവ പരിശോധിക്കൽ.

**മൂന്നാം ഘട്ടം:**

പരിശോധിച്ച ഫയലുകളുടെ അടിസ്ഥാനത്തിൽ പ്രവൃത്തിയിടങ്ങൾ പരിശോധിക്കൽ, ചെയ്ത പ്രവൃത്തികളുടെ അളവുകൾ പരിശോധിക്കൽ

**നാലാം ഘട്ടം:**

ഗുണഭോക്താക്കളോട് പ്രവൃത്തികളുടെ ഗുണഫലങ്ങൾ ചോദിച്ചറിയുകയും, സജീവ തൊഴിലാളികളെകണ്ട് തൊഴിൽകാർഡ്, ബാങ്ക് പാസ്സ് ബുക്ക് എന്നിവ പരിശോധിച്ച് അഭിമുഖം നടത്തലും വിവരശേഖരണം നടത്തലും.

**അഞ്ചാം ഘട്ടം:**

ഫീൽഡ് പരിശോധനയുടെയും ഫയല് പരിശോധനയുടെയും അടിസ്ഥാനത്തിൽ റിപ്പോർട്ട് തയാറാക്കൽ.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വിഭാവനം ചെയ്യുന്നത് എന്തൊക്കെയെന്നും കാര്യക്ഷമമായും ഫലപ്രദമായും ഈ പദ്ധതി എങ്ങനെ നടപ്പിലാക്കാമെന്നും ഗ്രാമപഞ്ചായത്തിനെയും തൊഴിലാളികളെയും ഗ്രാമസഭ അംഗങ്ങളെയും ബോധ്യപ്പെടുത്തുന്നതിനും വേണ്ടിയാണ് ഈ സോഷ്യൽ ഓഡിറ്റ്.

**<u>സോഷ്യൽ ഓഡിറ്റ്</u>**

മറ്റു പദ്ധതിയിൽ നിന്നും തൊഴിലുറപ്പ് പദ്ധതിയെ വ്യത്യസ്തമാക്കുന്നത് സോഷ്യൽ ഓഡിറ്റ് ആണ്. തൊഴിലുറപ്പ് നിയമം 17( 2) വകുപ്പിൽ തൊഴിലുറപ്പ് പദ്ധതിയിലൂടെ ഏറ്റെടുത്ത എല്ലാ പ്രവർത്തികളും സംബന്ധിച്ച് സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ കൃത്യമായ ഇടവേളകളിൽ നടത്തണമെന്നും സുതാര്യത ഉറപ്പു വരുത്തണമെന്നും അനുശാസിക്കുന്നു. സോഷ്യൽ ഓഡിറ്റിനു വേണ്ട സൗകര്യങ്ങൾ ചെയ്തു കൊടുക്കുക, രജിസ്റ്ററുകളും റെക്കോർഡുകളും ലഭ്യമാക്കുക എന്നിവ ഗ്രാമപഞ്ചായത്തിന്റെ ചുമതലകളാണ് .

ഗ്രാമസഭകളാണ് സോഷ്യൽ ഓഡിറ്റ് വേദികൾ. ഗ്രാമസഭ ആറുമാസത്തിലൊരിക്കൽ നിർബന്ധമായും സോഷ്യൽ ഓഡിറ്റ് നടത്തിയിരിക്കണം. സംസ്ഥാന സർക്കാർ സോഷ്യൽ ഓഡിറ്റ് നടത്തേണ്ട രീതി സംബന്ധിച്ച് ഉത്തരവ് (ജി.ഒ. നമ്. 2952/2007,എൽ. എസ്. ജി. ഡി /തിയതി 31.10.2007) പുറപ്പെടുവിച്ചിട്ടുണ്ട്. സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയുടെ വിജയം ജനങ്ങളുടെ പങ്കാളിത്തമാണ്. സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയുടെ തീയതി, അജണ്ട, വേദി

എന്നിവ നിശ്ചയിച്ച് 7 ദിവസം മുൻപ് ജനങ്ങൾക്ക് വിവരം നൽകിയിരിക്കണം. പദ്ധതിയുടെ ആസൂത്രണം, നിർവ്വഹണം മോണിറ്ററിംഗ്, തുടങ്ങി ചുമതലകൾ ഉള്ള എല്ലാ വ്യക്തികളും സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയിൽ നിർബന്ധമായും പങ്കെടുക്കണം.

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സുഗമമായും സുതാര്യമായും സോഷ്യൽ ഓഡിറ്റ് നടത്തുന്നതിന് കേരളത്തിൽ സ്വതന്ത്ര ചുമതലയുള്ള സോഷ്യൽ ഓഡിറ്റ് യൂണിറ്റ്( as per GO (Rt) No.3906/2015/LSGD,Dated 30.12.2015) 31.1.2017 നിലവിൽവന്നു. യൂണിറ്റ് ട്രാവൻകൂർ ചാരിറ്റബിൾ സൊസൈറ്റി നിയമം 1955 (No.TVM/TC/123/2017)പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്.

**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമപ്രകാരം പഞ്ചായത്തുകളിൽ നിർബന്ധമായും 7 രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ്**

1. തൊഴിൽ കാർഡിനുള്ള കുടുംബാപേക്ഷകരുടെ രജിസ്റ്റർ
2. ഗ്രാമസഭ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ മീറ്റിംഗ് രജിസ്റ്റർ
3. തൊഴിൽ ആവശ്യപ്പെട്ടതും തൊഴിൽ കൊടുത്തതും സംബന്ധിച്ച് രജിസ്റ്റർ
4. പ്രവർത്തിയുടെ ലിസ്റ്റും ചിലവും വിശദാംശങ്ങളും സംബന്ധിച്ച് രജിസ്റ്റർ
5. സാധന രജിസ്റ്റർ
6. സ്ഥിതി ആസ്തികളുടെ രജിസ്റ്റർ
7. പരാതി രജിസ്റ്റർ

**<u>7 രെജിസ്റ്റെഴ്സ് പരിശോധന വിശദാംശങ്ങൾ</u>**

**1. Job card register (തൊഴിൽ കാർഡിനുള്ള കുടുംബാപേക്ഷകരുടെ രജിസ്റ്റർ)**

149 തൊഴിലാളികളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. അതിൽ 6 പേരുടെ വിശദാംശങ്ങൾ, ഫോട്ടോ മുതലായവ ഉണ്ടായിരുന്നില്ല.

2. ഗ്രാമസഭാ രജിസ്റ്റർ

* 2017(9/2/2017) മുതലുള്ള ഗ്രാമസഭ മിനുട്സ്കൾ രജിസ്റ്റർറിലുണ്ട് . മിനുറ്റ്സ്കൾ പൂർണമല്ല.

*2019-20 സാമ്പത്തികവർഷത്തിൽ 27/7/19 -ൽ നടന്ന ഗ്രാമസഭയുടെ നോട്ടീസും 69 പേർ ഒപ്പ് രേഖപ്പെടുത്തിയ മിനുട്സും ഉണ്ട്. എന്നാൽ മറ്റ് രേഖപെടുത്തി ലുകൾ ഇല്ല .

3. ഡിമാൻഡ് രജിസ്റ്റർ

ഉണ്ടായിരുന്നു

പെയ്മെൻറ് രജിസ്റ്റർ

ഇതിൽ ഓരോ തൊഴിലാളികളും എത്ര ദിവസം തൊഴിൽ ചെയ്തു എന്ന് രേഖപ്പെടുത്തിയിരിക്കുന്നു.

4. പ്രവർത്തി അനുവദിച്ചതുമായി ബന്ധപ്പെട്ട രജിസ്റ്റർ

വ്യക്തമായ രേഖപ്പെടുത്തലുകളോടെ സൂക്ഷിച്ചിട്ടുണ്ട്.

5. വർക്ക് രജിസ്റ്റർ

255 പ്രവർത്തികളുടെ വിശദാംശങ്ങൾ ഉണ്ടായിരുന്നു. 2018 -19 വരെ പൂർത്തിയായ വിവരങ്ങളുടെ വിശദാംശങ്ങൾ ഉണ്ടായിരുന്നു. ആവശ്യമായ സാക്ഷ്യപ്പെടുത്തലുകൾ ഉണ്ടായിരുന്നില്ല.

6. പരാതി രജിസ്റ്റർ

20/10/ 2016ഇൽ രജിസ്റ്റർ ചെയ്ത ഒരു പരാതി മാത്രമാണ് ഉണ്ടായിരുന്നത്. സാക്ഷ്യപ്പെടുത്തലുകൾ ഉണ്ടായിരുന്നില്ല.

7. മെറ്റീരിയൽ രജിസ്റ്റർ

2017 - 20 വരെയുള്ള പ്രവർതികളുടെ വിശദാംശങ്ങൾ ഉണ്ടായിരുന്നു.

**കേന്ദ്രസർക്കാരിന് റെ നിർദ്ദേശപ്രകാരം ഒരു വർക്ക് ഫയലിൽ താഴെ പറയുന്ന രേഖകൾ നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്**

1. കവര പേജ്

2. ചെക്ക് ലിസ്റ്റ്

3. ആക്ഷൻ പ്ലാൻ /ഷെൽഫ് ഓഫ് വർക്ക് എന്നിവയുടെ അംഗീകരിച്ച കോപ്പി

4. സാങ്കേതിക എസ്റ്റിമേറ്റും ഡിസൈനും അടങ്ങുന്ന സാങ്കേതിക അനുമതിയുടെ കോപ്പി

5. ഭരണാനുമതിയുടെ കോപ്പി

6. സങ്കേതികാനുമതിയുടെ കോപ്പി

7. സംയോജിത പദ്ധതി വിശദാംശങ്ങൾ

8. തൊഴിലാളികൾ തൊഴിൽ ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ

9. തൊഴിൽ അനുവദിച്ചുകൊണ്ടുള്ള രേഖയുടെ കോപ്പി

10. പൂരിപ്പിച്ച മാസ്റ്ററോൾ കോപ്പി

11. മെഷർമെൻറ് ബുക്കിന്റെ കോപ്പി

12. സാധനങ്ങൾ വാങ്ങുന്നതിനുള്ള ക്വാട്ടേഷൻ ക്ഷണിച്ചതിന്റെയും കംപാരിറ്റീവ് സ്റ്റേറ്റ്മെൻറന്റിയും മെറ്റീരിയൽ സപ്ലൈ ഓർഡർന്റെയും കോപ്പി

13. വേജ് ലിസ്റ്റ്

14. വേതനത്തിന്റെയും സാധനങ്ങൾക്ക് പണമടച്ചതിന്റെയും FTO യുടെയും കോപ്പി

15.മെറ്റീരിയൽ വൗച്ചറിന്റെയും ബില്ലുകളുടെയും കോപ്പി

16.റോയലിറ്റി അടച്ചതിന്റെ രസീതിന്റെ കോപ്പി

17. തൊഴിലിന്റെ മൂന്ന് ഘട്ടങ്ങളിലുള്ള ഫോട്ടോകൾ

18. പ്രവൃത്തി പൂർത്തീകരണ സർട്ടിഫിക്കറ്റിന്റെ കോപ്പി

19. മസ്റ്റർ റോൾ മൂവ്മെൻറ് സ്ലിപ്പ്

20.ആസ്തിയുടെ ജിയോ ടാഗ്ഡ് ഫോട്ടോകൾ

21.സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിന്റെ കോപ്പി

22. സൈറ്റ് ഡയറി

പൂവാർ ഗ്രാമ പഞ്ചായത്തിലെ 6 ആം വാർഡായ ശൂലം കുടിയിൽ 129 സജീവ തൊഴിലാളികൾ ആണുള്ളത്. അതിൽ 5 തൊഴിലാളികൾക്ക് 100 ദിനം പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ട്.

**വാർഡിൽ ഓഡിറ്റിന് വിധേയമാക്കിയ പ്രവൃത്തികൾ**

## ലൈഫ് ഭവനപദ്ധതി

| Number | പേര് | വർക്ക് കോഡ് |
|---|---|---|
| 1 | സബീന ആർ | IF/329146 |
| 2 | അലി ആർ | IF/384609 |

**ഫയൽ**

♦ഭരണഅനുമതി, സങ്കതികാനുമതി, വിശദമായ എസ്റ്റിമേറ്റ്, റൂട്ട് മാപ്പ്, ഫോട്ടോ, വെജ്ലിസ്റ് തുടങ്ങിയ രേഖകൾ ഉണ്ടായിരുന്നു.

♦ഓരോ മെഷർമെന്റ് ബുക്കിലും രണ്ട് ഗുണാഭക്തകളുടെ വിശദംശങ്ങൾ രേഖപെടുത്തിയിരിക്കുന്നു.

♦ഗുണാഭക്തക്കളുടെ ആധാർ, ബാങ്ക് പാസ്ബുക്ക്, തൊഴിൽ കാർഡ്, റേഷൻ കാർഡ് എന്നിവയുടെ പകർപ്പ് പരിശോധിച്ച ഫയലുകളിൽ കാണാൻ കഴിഞ്ഞു.

♦ ഏഴ് മുതൽ ഒൻപത് മസ്റ്റ് റോളുകൾ ഗുണാഭക്തകൾക്ക് ലഭ്യമായിട്ടുണ്ട്.

ഫീൽഡ്

♦ ലൈഫ് ഭവന പദ്ധതിയിൽ ഉൾപെട്ട എല്ലാ വീടുകളും പൂർത്തിയായ നിലയിലാണ്.

♦ പഞ്ചായത്തിൽ എത്തിയാണ് ഗുണാഭക്തക്കൾ മസ്റ്റ് റോളുകളിൽ ഒപ്പിടുന്നിത്.

♦ എത്ര ദിവസത്തെ മസ്റ്റ് റോളുകൾ ലഭ്യമായിട്ടുണ്ടന്ന് ഗുണാഭക്തക്കൾക്ക് വ്യക്തമായി അറിയില്ല.

## പ്രവർത്തികൾ

1.ഭൂ വികസന പ്രവർത്തികൾ WC/332408

പ്രവർത്തി ആരംഭിച്ച തിയതി : 28/02/2019

പ്രവർത്തി അവസാനിച്ച തിയതി :27 03/19

ചിലവായ തുക : 162067

2.ഭൂ വികസന പ്രവർത്തികൾ wc/332413

പ്രവർത്തി ആരംഭിച്ച തിയതി : 4/12/18

പ്രവർത്തി അവസാനിച്ച തിയതി : 12/01/19

ചിലവായ തുക : 162498

3 ഭൂ വികസന പ്രവൃത്തികൾ wc/332409

പ്രവർത്തി ആരംഭിച്ച തിയതി : 28/12/2019

പ്രവർത്തി അവസാനിച്ച തിയതി :27/2/2019

ചിലവായ തുക :161474

4.കക്കൂസ് നിർമാണം RS/345742

പ്രവർത്തി ആരംഭിച്ച തിയതി :28/12/2018

പ്രവർത്തി അവസാനിച്ച തിയതി :29/12/18

5.നേഴ്സറി നിർമാണം DP/221864

പ്രവർത്തി ആരംഭിച്ച തിയതി : 10/12/2018

പ്രവർത്തി അവസാനിച്ച തിയതി : 17/12/2018

## പ്രവർത്തിയുടെ വിശദാംശങ്ങളിലേക്ക്

1.ഭൂവികസന പ്രവർത്തികൾ WC/33 24 0 8


ഫയൽ

* മൂല്യനിർണയ സാക്ഷ്യപത്രം, ഫ് ടി ഓ, വേജ് ലിസ്റ്റ്, ലൊക്കേഷൻ, സൈറ്റ് ഡയറി എന്നിവ ഫയലിൽ കാണാൻ കഴിഞ്ഞു.

* 37715 ആം നമ്പർ മസ്റ്റർ റോളിൽ ഒപ്പിനു മേൽ ആബ് സെൻറ് രേഖപ്പെടുത്തിയിരിക്കുന്നു.

* പണിയായുധങ്ങളുടെ ലിസ്റ്റിൽ മേറ്റിന്റെ പേരോ ഒപ്പോ ഇല്ല.

* പ്രവർത്തി



തുടങ്ങുന്നതിനു മുൻപും പ്രവർത്തിയുടെ വിവിധ ഘട്ടങ്ങളിലും ഉള്ള 4 ഫോട്ടോകൾ ഫയലിൽ കാണാൻ കഴിഞ്ഞു.

* വി എം സിയിൽ സിഡിഎസ്ഉം  തൊഴിലാളികളും ഒപ്പ് രേഖപ്പെടുത്തിയിരിക്കുന്നു.

ഫീൽഡ്

* മെഷർമെൻറ് ബുക്ക് പ്രകാരം 6 പ്രവർത്തി സ്ഥലങ്ങളിലായി 38 മഴക്കുഴികൾ 57 തെങ്ങിൻ കുഴികൾ എന്നിവ രേഖപ്പെടുത്തിയിരിക്കുന്നു.

* ഫീൽഡ് തല പരിശോധനയിൽ ആറ് പ്രവർത്തി സ്ഥലങ്ങളിലായി 24 മഴക്കുഴികൾ 34 തെങ്ങിൻ കുഴികൾ എന്നിവ കാണാൻ കഴിഞ്ഞു.

* ഭൂരിഭാഗം പ്രവർത്തി സ്ഥലങ്ങളും കാടുപിടിച്ച് അവസ്ഥയിലാണ്.

*  586 തൊഴിൽ ദിനങ്ങളിലായി 16 2067 രൂപ ചെലവഴിച്ചിട്ടുണ്ട്.

* സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിച്ചിട്ടുണ്ട്. രേഖപ്പെടുത്തലുകൾ പൂർണമാണ്.

## 2. ഭൂവികസന പ്രവർത്തികൾ w c 33 24 13

ഫയൽ

*എഫ്  ടി ഒ, ഫയലിൽ കാണാൻ കഴിഞ്ഞു.

*  പ്രവൃത്തി  തുടങ്ങുന്നതിനു മുൻപും പ്രവൃത്തിയുടെ വിവിധഘട്ടങ്ങളിൽ ഉള്ള   4 ഫോട്ടോകൾ        ഫ യലിൽ കാണാൻ

കഴിഞ്ഞു.

 * 21 849 ആം നമ്പർ മസ്റ്റർ റോളിൽ ഒപ്പിനു മേലാപ്പ് സെൻറ് രേഖപ്പെടുത്തിക്കാണുന്നു.

* സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സംബന്ധിക്കുന്ന ബില്ലുകൾ, വൗച്ചറുകൾ എന്നിവ ഫയലിൽ കാണാൻ കഴിഞ്ഞു.

* എഴുതിത്തയ്യാറാക്കിയ ഡിമാൻഡ് ഫോമിൽ 50 തൊഴിലാളികൾ ഒപ്പ് രേഖപ്പെടുത്തിയിരിക്കുന്നു.

* സൈറ്റ് ഡയറിയിലെ ചെക്ക് ലിസ്റ്റിൽ രേഖപ്പെടുത്തലുകൾ ഉം സാക്ഷ്യപ്പെടുത്തലും പൂർണമായിരുന്നു.

*   വി  എം സി യിൽ സിഡിഎസ്,  തൊഴിലാളികൾ എന്നിവർ ഒപ്പ് രേഖപ്പെടുത്തിയിരിക്കുന്നു.

* സന്ദർശക കുറിപ്പിൽ രേഖപ്പെടുത്തലും സാക്ഷ്യപ്പെടുത്തലുകൾ ഉണ്ടായിരുന്നു.

 ഫീൽഡ്

* മെഷർമെൻറ് ബുക്ക് പ്രകാരം 12 പ്രവർത്തി സ്ഥലങ്ങളിലായി 23 മഴക്കുഴികൾ 7 വള കുഴികൾ 34 തെങ്ങിൻ കുഴികൾ പണകളുടെ നിർമ്മാണം എന്നിവ രേഖപ്പെടുത്തിയിരിക്കുന്നു.

* ഫീൽഡ് തല  പരിശോധനയിൽ 12 പ്രവർത്തി സ്ഥലങ്ങളിലായി 12 മഴക്കുഴികൾ 2 വള കുഴികൾ 17 തെങ്ങിൻ കുഴികൾ പണകളുടെ നിർമ്മാണം എന്നിവ കാണാൻ കഴിഞ്ഞു.

*  ഭൂരിഭാഗം പ്രവൃത്തി സ്ഥലങ്ങളും കാടുപിടിച്ച് അവസ്ഥയിലാണ്.

* 585 പ്രവർത്തി ദിനങ്ങളിലായി 162 498 രൂപ ചെലവഴിച്ചിട്ടുണ്ട്.

* സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിച്ചിട്ടുണ്ട്

രേഖപ്പെടുത്തലുകൾ പൂർണമാണ്.

3.ഭൂ വികസന പ്രവൃത്തികൾ   WC/332409

ഫയൽ

* എഴുതിത്തയ്യാറാക്കിയ ഡിമാൻഡ് ഫോമിൽ 41 തൊഴിലാളികളും രേഖപ്പെടുത്തിയിരിക്കുന്നു.

ഫീൽഡ്

* മെഷർമെന്റ് ബുക്ക് പ്രകാരം 10 പ്രവർത്തി സ്ഥലങ്ങളിലായി 30 മഴക്കുഴികൾ 55 തെങ്ങിൽ കുഴികൾ 94 ബണ്ടുകളെന്ന് രേഖപ്പെടുത്തിയിരിക്കുന്നു.

* ഫീൽഡ് തല പരിശോധനയിൽ 10 പ്രവൃത്തി സ്ഥലങ്ങളിലായി 20 മഴക്കുഴികൾ,  25  തെങ്ങിൻ കുഴികൾ 11 ബണ്ടു കൾ എന്നിവ പരിശോധിക്കുന്നതിന് സാധിച്ചു.

* ഭൂരിഭാഗം പ്രവർത്തി സ്ഥലങ്ങളും കാടുപിടിച്ച് അവസ്ഥയിലായിരുന്നു

* പ്രവർത്തിക്കായി  565 തൊഴിൽ ദിനങ്ങളിലായി 161474 രൂപ ചെലവഴിച്ചിട്ടുണ്ട്.

* സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിച്ചിട്ടുണ്ട് രേഖപ്പെടുത്തലുകൾ പൂർണമായിരുന്നു

4. കക്കൂസ് നിർമ്മാണം  RS/345742

ഫയൽ

* എഫ്  ടി ഓ, മെറ്റീരിയൽ ലിസ്റ്റ്, വിദഗ്ധ തൊഴിലാളികളുടെ മസ്റ്റർ

റോളു കൾ,  വിശദമായ എസ്റ്റിമേറ്റ് എന്നിവ ഫയലിൽ കാണാൻ കഴിഞ്ഞു.

* പ്രവൃത്തിയുടെ വിവിധ ഘട്ടങ്ങളിൽ ഉള്ള 3 ഫോട്ടോകൾ ഫയലിൽ ഉൾ കൊള്ളിച്ചിട്ടുണ്ട്.

* ഗുണഭോക്താവന്റെ  തൊഴിൽ കാർഡ്, റേഷൻ കാർഡ്, കൈവശാവകാശ സർട്ടിഫിക്കറ്റ്,  ബാങ്ക് അക്കൗണ്ട്,  ആധാർ, എന്നിവയുടെ പകർപ്പുകൾ ഫയലിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

ഫീൽഡ്

* മെഷർമെൻറ് ബുക്ക് പ്രകാരം 1.2 മീറ്റർ നീളം ഒരു മീറ്റർ വീതി എന്ന് രേഖപ്പെടുത്തിയിരിക്കുന്നു.

* ഫീൽഡ് തല പരിശോധനയിൽ കൃത്യമായ അളവിൽ പ്രവൃത്തി നടന്നതായി മനസിലാക്കാൻ സാധിച്ചു.

*  പ്രവർത്തി പൂർത്തിയായ നിലയിലാണ്.

* സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിച്ചിട്ടില്ല.

5. നഴ്സറി നിർമ്മാണം DP/ 22 18 64

ഫയൽ

*  വിശദമായ എസ്റ്റിമേറ്റ് ഉണ്ടായിരുന്നു.

*  പ്രവർത്തിയുടെ വിവിധഘട്ടങ്ങളിൽ ഉള്ള ഒരു ഫോട്ടോ ഉണ്ടായിരുന്നു.

ഫീൽഡ്



* മെഷർ മെന്റ് ബുക്ക് പ്രകാരം 1500 തൈകൾ എന്ന് രേഖപ്പെടുത്തിയിരിക്കുന്നു.

* ഫീൽഡ് തല പരിശോധനയിൽ 412 തൈകൾ കാണാൻ കഴിഞ്ഞു.

* 238 തൈകൾ ഓൺഗോയിങ് പ്രവർത്തിയിൽ ഉൾപ്പെടുത്തി നട്ടു കൊണ്ടിരിക്കുന്നത് കാണാൻ കഴിഞ്ഞു.

* 400 തൈകൾ ഗ്രഹ ചൈതന്യം പദ്ധതിയിൽ ഉൾപ്പെടുത്തി വാർഡിൽ വിതരണം ചെയ്തതായും 110 തൈകൾ 2 ആം വാർഡിലേക്ക് ഫല വൃക്ഷ തൈ നടീലും പരിപാലനവും പദ്ധതിയിൽ നൽകിയതായും നിർവഹണ ഏജൻസിയിൽ നിന്നും അറിയാൻകഴിഞ്ഞു.

* സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിച്ചിട്ടുണ്ട് രേഖപ്പെടുത്തലുകൾ പൂർണമായിരുന്നു.

പൊതുവായ കണ്ടെത്തലുകൾ

1.നിയമപ്രകാരം ഫയലിൽ ഉൾക്കൊള്ളിച്ചിരിക്കേണ്ടതായ 22 രേഖകളിൽ ഭരണാനുമതി, സാങ്കേതികാനുമതി, വിശദമായ എസ്റ്റിമേറ്റ്, റൂട്ട് മേപ്പ്, വേജ് ലിസ്റ്റ്, ഡിമാൻഡ് ഫോം, മെഷർമെൻറ് ബുക്ക്, ഫോട്ടോകൾ, പ്രവർത്തി അനുവദിച്ചുകൊണ്ടുള്ള സർട്ടിഫിക്കറ്റ്, സൈറ്റ് ഡയറി, എന്നിവ ഫയലിൽ കാണാൻ കഴിഞ്ഞു.

2. കവർപേജ്, ചെക്ക്‌ലിസ്റ്റ്, ആക്ഷൻപ്ലാൻ കോപ്പി, പ്രവർത്തി പൂർത്തീകരണ സാക്ഷ്യപത്രം, മസ്റ്റർ റോൾ മൂവേമെന്റ് സ്ലിപ് തുടങ്ങിയ രേഖകൾ ഫയലിൽ ഉണ്ടായിരുന്നില്ല.

3. പരിശോധിച്ച ഫയലുകളിൽ എല്ലാം സൈറ്റ് ഡയറി ഉണ്ടായിരുന്നു.

4.എഴുതി തയ്യാറാക്കിയ രീതിയിലുള്ള തൊഴിലാളികളുടെ ഗ്രൂപ്പ് ആയ ഡിമാൻഡ് ഫോം എല്ലാ ഫയലുകളും കാണാൻ കഴിഞ്ഞു.

5.ഫയലുകളിൽ ഫയൽ ടാകിംഗ് ഫോം ഉണ്ടായിരുന്നില്ല.

6.പാട്ട കരാറുകളും ഉടമകളുടെ കരം തീർത്ത രസീതും അപേക്ഷയും ഫയലിൽ കൊള്ളിച്ചിട്ടുണ്ട്.

7.പരിശോധിച്ച മെഷർമെൻറ് ബുക്കുകൾ എല്ലാം തന്നെ സർട്ടിഫൈ ചെയ്തിട്ടുണ്ട്.

8. ജനകീയ ഭാഷയിലുള്ള എസ്റ്റിമേറ്റ് ഫയലിൽ ഉൾക്കൊള്ളിച്ചിട്ടില്ല.

9.  . പാട്ടക്കൃഷിക്ക്  നിലമൊരുക്കൽ പ്രവർത്തി നിർവഹണ ഏജൻസിയിൽ നിന്നുള്ള നിർദേശപ്രകാരം തന്നെ നടപ്പിലാക്കാൻ ശ്രമിച്ചിട്ടുണ്ടെന്ന് തൊഴിലാളികൾ സാക്ഷ്യപ്പെടുത്തുന്നു എങ്കിലും പ്രവർത്തി സ്ഥലങ്ങൾകാട് പിടിച്ച  നിലയിലാണ്.

10  .തൊഴിലാളികൾക്ക് ആവശ്യമായ പ്രഥമശുശ്രൂഷ കിറ്റ്, സുരക്ഷാ സംവിധാനങ്ങൾ,  തൊഴിൽ സൗകര്യങ്ങൾ എന്നിവ ലഭിക്കുന്നില്ല എന്ന് ബോധ്യപ്പെട്ടു.

11. വി എംസി അംഗങ്ങളായി  ADS അംഗ ങ്ങളാണ് ഒപ്പിട്ടിരിക്കുന്നത്.

12 . പരിശോധിച്ച എല്ലാ പ്രവൃത്തികൾക്കും സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിച്ചതായി കാണാൻ കഴിഞ്ഞു. രേഖപ്പെടുത്തലുകൾ പൂർണമായിരുന്നു.

നിർദ്ദേശങ്ങൾ

1. നിയമപ്രകാരം ഫയലു കളിൽ ഉൾക്കൊള്ളിക്കേണ്ടതായ രേഖകൾ ഫയലിൽ ഉൾക്കൊള്ളിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2. മസ്റ്റർ റോളുകളിൽ അബ്സെന്റ ചുവപ്പ് മഷിയിൽ തന്നെ രേഖപ്പെടുത്തേണ്ടതാണ്.

3. തൊഴിലാളികൾക്ക് ആവശ്യമായ സുരക്ഷാ സംവിധാനങ്ങൾ നൽകേണ്ടതാണ്.

4. ജനകീയ എസ്റ്റിമേറ്റ് ഫയലുകലിൽ ഉൾക്കൊള്ളിക്കുമ്പോൾ മെഷർമെൻറ് ബുക്കിലെ കണക്കുകളിലെ വ്യതിയാനം മറികടക്കാനാകും

ഗ്രാമ സഭ പരാമർശം

* തൊഴിൽ ഇടങ്ങളിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കണമെന്ന പൊതുവായ പരാമർശം ഉണ്ടായി.

*ഭൂ പ്രകൃതിക്ക് അനുയോജ്യമായ പ്രവൃത്തികൾ മനസ്സിലാക്കി നടപ്പിലാക്കാൻ ശ്രെമിക്കുന്നതാണ് എന്ന പരാമർശം ഉണ്ടായി.

റിപ്പോർട്ട് തയാറാക്കിയത്



BRP അനുശ്രീ

VRP അഞ്ചു രാജ് ആർ

VRP വിനി